| 14-01-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
| --- | --- | --- | --- | --- |

**മധുരമായ കുട്ടികളേ- നിങ്ങളുടെ ദൃഷ്ടി ശരീരത്തിലേക്ക് പോകരുത്, സ്വയം ആത്മാവെന്ന് മനസ്സിലാക്കൂ, ശരീരത്തെ കാണരുത്.**

**ചോദ്യം-** ഓരോ ബ്രാഹ്മണകുട്ടികളും ഏത് രണ്ട് കാര്യത്തിനുമേലാണ് വിശേഷിച്ചും ശ്രദ്ധ നൽകേണ്ടത്?
**ഉത്തരം-** 1. പഠനത്തിൽ 2. ദൈവീക ഗുണങ്ങളിൽ. ചില കുട്ടികളിൽ ക്രോധത്തിന്റെ അംശം തന്നെയില്ല. ചിലർ ക്രോധത്തിലേക്ക് വന്ന് വളരെയധികം വഴക്കുണ്ടാക്കുന്നു. കുട്ടികൾ ചിന്തിക്കണം നമുക്ക് ദൈവീക ഗുണങ്ങൾ ധാരണ ചെയ്ത് ദേവതയായി മാറണം. ഒരിക്കലും ദേഷ്യത്തോടെ സംസാരിക്കരുത്. ബാബ പറയുന്നു ഏതെങ്കിലും കുട്ടികളിൽ ക്രോധമുണ്ടെങ്കിൽ അവർ ഭൂതനാഥനും, ഭൂതനാഥിനിയുമാണ്. ഇങ്ങനെ ഭൂതങ്ങളെ കൊണ്ടുനടക്കുന്നവരുമായി നിങ്ങൾ സംസാരിക്കുക പോലും ചെയ്യരുത്.

**ഗീതം-** ഭാഗ്യത്തെ ഉണർത്തിക്കൊണ്ട് വന്നിരിക്കുകയാണ് ......

**ഓം ശാന്തി**. കുട്ടികൾ ഗീതം കേട്ടില്ലേ. മറ്റൊരു സത്സംഗത്തിലും ഇങ്ങനെയുള്ള ഗീതങ്ങളുടെ അർത്ഥം മനസ്സിലാക്കിത്തരുന്നില്ല. അവിടെ ശാസ്ത്രങ്ങളാണ് കേൾപ്പിക്കുന്നത്. എങ്ങിനെയാണോ ഗുരുദ്വാരയിൽ ഗ്രന്ഥത്തിന്റെ രണ്ടുവരികൾ എടുത്ത് പിന്നീട് വിസ്തരിച്ച് കഥ കേൾപ്പിച്ചുതരുന്നത്. ഗീതത്തിന്റെ അർത്ഥം മനസ്സിലാക്കിത്തരുക എന്നതൊന്നും അവിടെയില്ല. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു ഈ ഗീതങ്ങളെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലേതാണ്. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് ജ്ഞാനം വേറെയാണ്. ഈ ജ്ഞാനത്തിലൂടെ മാത്രമേ ഓരേയോരു നിരാകാരനായ ശിവനുമായി കൂടിക്കാഴ്ച നടത്താൻ സാധിക്കൂ. ഇതിനെയാണ് ആത്മീയജ്ഞാനം എന്നു പറയുന്നത്. ജ്ഞാനം പല പ്രകാരത്തിലുണ്ട്. ഈ പരവതാനി എങ്ങനെയാണ് ഉണ്ടാക്കുന്നത് എന്ന് നിങ്ങളോട് ചോദിച്ചാലോ? ഓരോ കാര്യത്തിനും ജ്ഞാനമുണ്ട്. പക്ഷേ അതെല്ലാം തന്നെ ഭൗതീക കാര്യങ്ങളാണ്. കുട്ടികൾക്കറിയാം, നമ്മൾ ആത്മാക്കളുടെ ആത്മീയ അച്ഛൻ ഒരാളാണ്, പക്ഷെ രൂപം കാണാൻ കഴിയില്ല. ആ നിരാകാരന്റെ ചിത്രവും സാലിഗ്രാമത്തിന് സമാനമാണ്. പരമാത്മാവ് എന്ന് പറയപ്പെടുന്നു. നിരാകാരനുമാണ്. മനുഷ്യനെപ്പോലുള്ള ആകാരമില്ല. ഓരോ വസ്തുവിനും തീർച്ചയായും ഒരു രൂപമുണ്ടാവും. എല്ലാറ്റിലും വച്ച് ഏറ്റവും ചെറിയ രൂപമാണ് ആത്മാവിന്റേത്. അത് പ്രകൃതിദത്തം എന്നേ പറയൂ. ആത്മാവ് ഇത്രയും ചെറുതാണ്, ഒരിക്കലും ഈ കണ്ണിലൂടെ കാണാൻ സാധിക്കില്ല. നിങ്ങൾ കുട്ടികൾക്ക് ദിവ്യദൃഷ്ടിയിലൂടെ എല്ലാ സാക്ഷാത്കാരവും ലഭിക്കുന്നു. കഴിഞ്ഞു പോയ കാര്യങ്ങളെ ദിവ്യദൃഷ്ടിയിലൂടെ കാണാൻ സാധിക്കുന്നു. ആദ്യത്തെ നമ്പറിൽ വരുന്നയാളും ഇപ്പോൾ ഭൂതകാലത്തിലായി. ഇനി വീണ്ടും വരികയാണ്, അതുകൊണ്ട് അവരുടെയും (കൃഷ്ണൻ) സാക്ഷാത്കാരം ഉണ്ടാകുന്നു. ഇതെല്ലാം വളരെ സൂക്ഷ്മമായ കാര്യങ്ങളാണ്. ഇതിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു പരമപിതാവായ പരമാത്മാവിനല്ലാതെ മറ്റാർക്കും തന്നെ ആത്മജ്ഞാനം നൽകാൻ സാധിക്കില്ല. മനുഷ്യർക്ക് ആത്മാവിനെക്കുറിച്ചും പരമാത്മാവിനെക്കുറിച്ചും യഥാർത്ഥ രീതിയിൽ അറിയില്ല. ലോകത്തിൽ അനേകം മനുഷ്യമതങ്ങളാണ്. ചിലർ പറയുന്നു ആത്മാവ് പരമാത്മാവിലേക്ക് ലയിക്കുന്നു. ചിലർ മറ്റുപലതും പറയുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് എല്ലാം മനസ്സിലായി, അതും നമ്പർക്രമമായ പുരുഷാർത്ഥമനുസരിച്ച്. എല്ലാവരുടെ ബുദ്ധിയും ഏകരസമായിരിക്കില്ല. ഇടക്കിടെ സ്മൃതി ഉണർത്തേണ്ടിവരുന്നു. നമ്മൾ ആത്മാവാണ്, ആത്മാവിന് തന്നെ 84 ജന്മങ്ങളുടെ പാർട്ട് അഭിനയിക്കണം. ഇപ്പോൾ ബാബ പറയുന്നു,സ്വയം ആത്മാവെന്ന് മനസ്സിലാക്കി പരംപിതാ പരമാത്മാവിനെ അറിയൂ, ഓർമ്മിക്കൂ. ബാബ പറയുന്നു ഞാൻ ബ്രഹ്മാവിൽ പ്രവേശിച്ച് നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം നൽകുന്നു. നിങ്ങൾ കുട്ടികൾ സ്വയം ആത്മാവെന്ന് മനസ്സിലാക്കുന്നില്ല. അതുകൊണ്ടാണ് നിങ്ങളുടെ ദൃഷ്ടി ഈ (ബ്രഹ്മാവിന്റെ) ശരീരത്തിലേക്ക് പോകുന്നത്. വാസ്തവത്തിൽ നിങ്ങൾക്ക് ഇദ്ദേഹവുമായി ഒരു കാര്യവുമില്ല. സർവ്വരുടെയും സദ്ഗതിദാതാവ് ഓരേയൊരു ബാബയാണ്. ബാബയുടെ നിർദ്ദേശമനുസരിച്ചാണ് നമ്മൾ എല്ലാവർക്കും സുഖം നൽകുന്നത്. ഞാൻ എല്ലാവർക്കും സുഖം നൽകുന്നു എന്ന അഹങ്കാരം ബ്രഹ്മാവിനുമില്ല. ആരാണോ പൂർണ്ണമായും ബാബയെ ഓർമ്മിക്കാത്തത്, അവരിൽനിന്നും അവഗുണങ്ങൾ ഇല്ലാതാവുകയില്ല. അവർ സ്വയം ആത്മാവാണെന് നിശ്ചയം ചെയ്യുന്നില്ല. മനുഷ്യർ ആത്മാവിനെക്കുറിച്ചും, പരമാത്മാവിനെക്കുറിച്ചും അറിയുന്നില്ല. സർവ്വവ്യാപി എന്ന ജ്ഞാനവും ഭാരതവാസികളാണ് പ്രചരിപ്പിച്ചത്. നിങ്ങളിലും ആരെല്ലാമാണോ സേവാധാരികളായ കുട്ടികൾ അവർ മനസ്സിലാക്കും, ബാക്കിയുള്ളവർ അത്രക്ക് മനസിലാക്കുന്നില്ല. അഥവാ ബാബയുടെ പൂർണ്ണമായ തിരിച്ചറിവ് കുട്ടികൾക്കുണ്ടെങ്കിൽ ബാബയെ ഓർമ്മിക്കും, അവനവനിൽ ദൈവീക ഗുണങ്ങളെ ധാരണ ചെയ്യും.

ശിവബാബയാണ് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്. ഇതാണ് പുതിയ കാര്യം. ബ്രാഹ്മണരും

തീർച്ചയായും ആവശ്യമാണ്. പ്രജാപിതാബ്രഹ്മാവിന് സന്താനങ്ങളുണ്ടാകുന്നത് എപ്പോഴാണ് എന്നതിനെക്കുറിച്ച് ആർക്കും തന്നെ അറിയുന്നില്ല. ലോകത്തിൽ ബ്രാഹ്മണർ ധാരാളമുണ്ട്. പക്ഷേ അവരെല്ലാം തന്നെ കുഖവംശാവലികളാണ്. അവരെ ഒരിക്കലും ബ്രഹ്മാവിന്റെ മുഖവംശാവലി സന്താനമെന്ന് പറയില്ല. ബ്രഹ്മാവിന്റെ സന്താനമാണെങ്കിൽ ഈശ്വരനാകുന്ന പിതാവിൽ നിന്നും സമ്പത്ത് ലഭിക്കും. നിങ്ങൾക്കിപ്പോൾ സമ്പത്ത് ലഭിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ബ്രാഹ്മണർ വേറെയാണ്, അവർ(കുഖവംശാവലി) വേറെയാണ്. നിങ്ങൾ ബ്രാഹ്മണർ സംഗമയുഗത്തിൽ മാത്രമാണുണ്ടാകുന്നത്, അവർ ദ്വാപര–കലിയുഗത്തിലും. ഈ സംഗമയുഗീ ബ്രാഹ്മണർ തന്നെ വേറെയാണ്. പ്രജാപിതാബ്രഹ്മാവിന്റെ കുട്ടികൾ ധാരാളമുണ്ട്. പരിധിക്കുള്ളിലുള്ള അച്ഛനെയും ബ്രഹ്മാവെന്നു പറയുന്നുണ്ട്, കാരണം കുട്ടികളെ രചിക്കുന്നുണ്ടല്ലോ. പക്ഷേ ഇതെല്ലാം ഭൗതികമായ കാര്യങ്ങളാണ്. സർവ്വാത്മാക്കളും ബാബയുടെ സന്താനങ്ങളാണ്. നിങ്ങൾ മധുരമധുരമായ ആത്മീയ കുട്ടികളാണ്. ഇത് ആർക്കാണെങ്കിലും മനസ്സിലാക്കിക്കൊടുക്കുവാൻ എളുപ്പമാണ്. ശിവബാബക്ക് തന്റേതായ ശരീരമില്ല. ശിവജയന്തി ആഘോഷിക്കുന്നുണ്ട്. പക്ഷേ ശിവന് തന്റേതായ ശരീരമില്ല. ബാക്കി എല്ലാവർക്കും അവനവന്റെ ശരീരമുണ്ട്. സർവ്വാത്മാക്കൾക്കും അവരവരുടേതായ ശരീരമുണ്ട്. ശരീരത്തിനാണ് പേരുണ്ടാകുന്നത്, പരമാത്മാവിന് തന്റേതായ ശരീരമില്ല. അതുകൊണ്ടാണ് പരമാത്മാവ് എന്നു പറയുന്നത് തന്നെ. ബാബയുടെ പേര് ശിവൻ എന്നാണ്. ആ പേര് ഒരിക്കലും മാറുകയില്ല. ശരീരം മാറുമ്പോൾ പേരിനും മാറ്റം വരുന്നു. ശിവബാബ പറയുന്നു ഞാൻ സദാ നിരാകാരനായ പരമാത്മാവാണ്. ഡ്രാമാ പ്ലാൻ അനുസരിച്ച് ഇപ്പോൾ ഈ ശരീരം എടുത്തിരിക്കുകയാണ്. സന്യാസിമാരുടെ പേരിനും മാറ്റം വരുത്താറുണ്ട്. ഗുരുവിന്റേതായിത്തീർന്നവെങ്കിൽ പേരിന് മാറ്റം വരുത്തുന്നു. നിങ്ങളുടെ പേരും ആദ്യം മാറ്റാറുണ്ടായിരുന്നു. പക്ഷേ ഏതുവരെ പേര് മാറ്റിക്കൊണ്ടിരിക്കും, അങ്ങനെ മാറ്റിയവർ എത്രപേരാണ് ഓടിപ്പോയത്. ആ സമയത്ത് ഉണ്ടായിരുന്നവർക്ക് മാത്രം പേര് നൽകി, ഇപ്പോൾ പുതിയ പേര് കൊടുക്കുന്നില്ല. ആരുടെ മേലും അത്ര വിശ്വാസമില്ല. വളരെയധികം പേരെ മായ തോൽപ്പിക്കുമ്പോൾ അവർ ഓടിപ്പോകുന്നു. അതുകൊണ്ടാണ് ബാബ ആർക്കും പേര് കൊടുക്കാത്തത്. ചിലർക്ക് മാത്രം കൊടുക്കുക, ചിലർക്ക് കൊടുക്കാതിരിക്കുക എന്നതും ശരിയല്ലല്ലോ. എല്ലാവരും – ബാബാ, ഞങ്ങൾ അങ്ങയുടെതായിത്തീർന്നു എന്ന് പറയുന്നുണ്ട്, പക്ഷേ ആരും തന്നെ യഥാർത്ഥരീതിയിൽ ആകുന്നില്ല. വളരെയധികം പേർക്ക് അവകാശിയായിത്തീരുന്നതിന്റെ രഹസ്യത്തെക്കുറിച്ചു പോലും അറിയില്ല. ബാബയുമായി മിലനം ചെയ്യാൻ വരുന്നുണ്ടെങ്കിലും അവകാശിയല്ല. വിജയമാലയിലേക്ക് വരാൻ സാധിക്കില്ല. ചില നല്ല–നല്ല കുട്ടികൾ കരുതുന്നു, ഞങ്ങൾ അവകാശികളാണ്. പക്ഷേ ബാബക്കറിയാം, ഇവർ അവകാശികളല്ല. സ്വയം അവകാശിയാകണമെങ്കിൽ ആദ്യം ഭഗവാനെ തന്റെ അവകാശിയാക്കി മാറ്റേണ്ടതായുണ്ട്. ഈ രഹസ്യത്തെ മനസ്സിലാക്കിത്തരുവാനും ബുദ്ധിമുട്ടാണ്. അവകാശി എന്ന് പറയുന്നത് ആരെയാണെന്ന് ബാബ മനസ്സിലാക്കിത്തരുന്നു. ഭഗവാനെ തന്റെ അവകാശിയാക്കി മാറ്റിയാൽ സമ്പത്തും നൽകേണ്ടതായി വരും. അപ്പോഴാണ് ബാബ അവരെയും തന്റെ അവകാശിയാക്കിമാറ്റുന്നത്. സമ്പത്ത് ബാബക്ക് നൽകുവാൻ സാധാരണക്കാർക്കല്ലാതെ ധനവാന്മാർക്ക് സാധിക്കില്ല. എത്ര കുറച്ചുപേരുടെയാണ് മാലയുണ്ടാകുന്നത്. ആരെങ്കിലും ബാബയോട് ചോദിക്കുകയാണെങ്കിൽ ബാബക്ക് –നിങ്ങൾ അവകാശിയാണോ അല്ലയോ എന്ന് പറയാൻ കഴിയും. ഈ ബാബക്കും പറയാൻ സാധിക്കും. ഇത് ആർക്കും മനസിലാക്കാൻ കഴിയുന്ന സാധാരണ കാര്യമാണ്. അവകാശിയായി മാറുന്നതിനും വളരെയധികം വിവേകം ആവശ്യമാണ്. ലക്ഷ്മീ–നാരായണൻ വിശ്വത്തിന്റെ അധികാരിയാണെന്നുള്ളത് എല്ലാവർക്കും അറിയാം പക്ഷേ എങ്ങനെ ഈ അധികാരി പദവി നേടിയെന്ന് അറിയില്ല. ഇപ്പോൾ നിങ്ങളുടെ ലക്ഷ്യം തൊട്ടു മുന്നിലാണ്. നിങ്ങൾക്കും ഇവർക്ക് സമാനമായിത്തീരണം. കുട്ടികളും പറയുന്നതിതാണ് ഞങ്ങൾ സൂര്യവംശീ ലക്ഷ്മി–നാരായണനായിത്തീരും. അല്ലാതെ സീതാരാമൻ എന്നു പറയുന്നില്ല. സീതാരാമന്മാരെയും ശാസ്ത്രത്തിൽ നിന്ദിച്ചിട്ടുണ്ട്. ലക്ഷ്മീനാരായണനെ നിന്ദിച്ചിതായി കേട്ടിട്ടില്ല. കൃഷ്ണന്റെ ആത്മാവ് അതുതന്നെയാണെങ്കിലും കൃഷ്ണനെക്കുറിച്ച് അറിയാത്തതു കാരണം നിന്ദിക്കുകയാണ്. ലക്ഷ്മീ–നാരായണന്റെ ക്ഷേത്രവും വളരെയധികം സന്തോഷത്തോടെയാണ് നിർമ്മിക്കുന്നത്. വാസ്തവത്തിൽ രാധാ–കൃഷ്ണന്റെ ക്ഷേത്രമാണുണ്ടാക്കേണ്ടത്, കാരണം അവരാണ് സതോപ്രധാനമായവർ. രാധാ–കൃഷ്ണന്റെ യുവാവസ്ഥയാണ് ലക്ഷ്മീ–നാരായണൻ, അതുകൊണ്ട് ഇവരെ സതോ എന്നേ പറയൂ. രാധാ–കൃഷ്ണൻ ചെറിയ കുട്ടികളായതുകൊണ്ട് സതോപ്രധാനമാണ്. ചെറിയ കുട്ടികൾ മഹാത്മാവിനു സമാനമാണ്. ഇവിടെ ചെറിയ കുട്ടികൾക്ക് വികാരങ്ങൾ എന്താണെന്നുള്ളത് അറിയാത്തതുപോലെ അവിടെ വലിയവർക്കും വികാരത്തിനെക്കുറിച്ച് അറിയില്ല. ഈ 5വികാരങ്ങളാകുന്ന ഭൂതങ്ങൾ അവിടെയുണ്ടാവില്ല. പഞ്ചവികാരങ്ങളെന്താണെന്നു പോലും അറിയില്ല. ഇത് രാത്രി സമയമാണ്. കാമത്തിന്റെ ചേഷ്ടകളും രാത്രിയിലാണ് കൂടുതലും ഉണ്ടാവുക. ദേവതകൾ ജീവിക്കുന്ന സമയം പകലായതു കൊണ്ട് അവിടെ കാമവികാരം ഉണ്ടാവുകയില്ല. വികാരങ്ങളൊന്നും തന്നെ ഉണ്ടാവില്ല. ഇപ്പോൾ രാത്രിയായതിനാൽ എല്ലാവരും വികാരികളാണ്. നിങ്ങൾക്കറിയാം പകൽ സമയമാകുമ്പോഴേക്കും നമ്മുടെ

എല്ലാ വികാരങ്ങളും ഇല്ലാതായിത്തീരും. വികാരം എന്താണെന്നു തന്നെ അറിയാത്ത ഒരവസ്ഥ വരുന്നു. ഇവിടെയുള്ളത് രാവണന്റെ വികാരീ അവഗുണങ്ങളാണ്. ഇത് വികാരീലോകമാണ്. നിർവ്വികാരീലോകത്തിൽ വികാരത്തിന്റെ കാര്യം തന്നെയില്ല. അതിനെയാണ് ഈശ്വരീയരാജ്യമെന്നു പറയുന്നത്. ഇപ്പോൾ ഇത് ആസുരീയരാജ്യമാണ്. പക്ഷേ ഇത് ആർക്കും തന്നെ അറിയില്ല. ഇതെല്ലാം തന്നെ നിങ്ങൾക്ക് നമ്പർക്രമ മായ പുരുഷാർത്ഥമനുസരിച്ച് അറിയാം. ധാരാളം കുട്ടികളുണ്ട്, ബി.കെ.കൾ ആരുടെ കുട്ടികളാണെന്ന് ഒരു മനുഷ്യനും അറിയില്ല.

എല്ലാവരും ശിവബാബയെയാണ് ഓർമ്മിക്കുന്നത്, ബ്രഹ്മാബാബയെയല്ല. ബ്രഹ്മാബാബ സ്വയം പറയുന്നു, നിങ്ങൾ ശിവബാബയെ ഓർമ്മിക്കൂ. ഇതിലൂടെ മാത്രമേ വികർമ്മത്തെ നശിപ്പിക്കാൻ സാധിക്കൂ. മറ്റാരെ ഓർമ്മിച്ചാലും വികർമ്മത്തെ നശിപ്പിക്കുവാൻ സാധിക്കില്ല. ഗീതയിലും പറയുന്നത് എന്നെമാത്രം ഓർമ്മിക്കൂ എന്നാണ്. കൃഷ്ണന് ഒരിക്കലും ഇങ്ങനെ പറയുവാൻ സാധിക്കില്ല. കാരണം സമ്പത്ത് ലഭിക്കുന്നത് നിരാകാരനായ അച്ഛനിൽ നിന്നാണല്ലോ. സ്വയം ആത്മാവെന്നു മനസ്സിലാക്കിയാൽ മാത്രമേ നിരാകാരനായ അച്ഛനെ ഓർമ്മിക്കുവാൻ സാധിക്കൂ. ഞാൻ ആത്മാവാണെന്ന നിശ്ചയം ആദ്യം ഉറപ്പിക്കണം. എന്റെ അച്ഛൻ പരമാത്മാവാണ്. ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് സമ്പത്ത് നൽകുന്നു. ഞാൻ എല്ലാവർക്കും സുഖം നൽകുന്ന ആളാണ്. ഞാൻ എല്ലാവരെയും ശാന്തിധാമത്തിലേക്കു കൊണ്ടുപോകുന്നു. ആരെല്ലാമാണോ കല്പം മുമ്പ് ബാബയിൽ നിന്നുമുള്ള സമ്പത്ത് നേടിയത് അവർ തന്നെ വന്ന് വീണ്ടും നേടുന്നു, ബ്രാഹ്മണനായിത്തീരുന്നു. ബ്രാഹ്മണരിലും കുറച്ചു കുട്ടികൾ ഉറച്ചവരാണ്. ഒന്നാനമ്മയുടെ കുട്ടികളുമുണ്ട്, രണ്ടാനമ്മയുടെ കുട്ടികളുമുണ്ട്. നമ്മൾ നിരാകാരനായ ശിവബാബയുടെ വംശാവലികളാണ്. ഈ വംശം എങ്ങനെയാണ് വർദ്ധിക്കുന്നതെന്ന് അറിയാമല്ലോ. ബ്രാഹ്മണനായതിനുശേഷം നമുക്ക് തിരികെ പോകണം. എല്ലാ ആത്മാക്കളും ശരീരം ഉപേക്ഷിച്ചതിനു ശേഷം തിരികെ പോകും. പാണ്ഡവർക്കും കൗരവർക്കും ശരീരം ഉപേക്ഷിക്കണം. നിങ്ങൾ ഈ ജ്ഞാനത്തിന്റെ സംസ്കാരം കൊണ്ടുപോകുന്നു. പിന്നീട് അതിനുശേഷം പ്രാപ്തി അനുഭവിക്കുന്നു. അതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ് പിന്നീട് ജ്ഞാനത്തിന്റെ പാർട്ട് ഇല്ലാതാകുന്നു. നിങ്ങൾക്ക് 84 ജന്മങ്ങൾക്കു ശേഷമാണ് ജ്ഞാനം ലഭിച്ചിത്. പിന്നീട് ഈ ജ്ഞാനം ലോപിച്ചുപോകുന്നു. നിങ്ങൾ പ്രാപ്തി അനുഭവിക്കുന്നു. അവിടെ മറ്റുള്ള ധർമ്മത്തിലുള്ളവരുടെ ചിത്രങ്ങളൊന്നും തന്നെ ഉണ്ടാവുകയില്ല. ഭക്തിമാർഗ്ഗത്തിൽ നിങ്ങളുടെ ചിത്രം ഉണ്ടാകുന്നു. സത്യയുഗത്തിൽ ആരുടെയും തന്നെ ചിത്രമുണ്ടാവുകയില്ല. ഭക്തിമാർഗ്ഗത്തിൽ നിങ്ങളുടെ ചിത്രം ആൾറൗണ്ടായിരിക്കും. നിങ്ങളുടെ രാജ്യത്തിൽ ആരുടെയും ചിത്രമുണ്ടാകില്ല. ദേവീദേവന്മാർ മാത്രമേ അവിടെ വസിക്കുന്നുള്ളൂ. ആദിസനാതനധർമ്മം ദേവീദേവതകളുടേതാണെന്നുള്ളത് ഇതിലൂടെത്തന്നെ മനസ്സിലാക്കാൻ സാധിക്കുന്നു. അതിനുശേഷമാണ് സൃഷ്ടിയിൽ എണ്ണം വർദ്ധിക്കുന്നത്. നിങ്ങൾ കുട്ടികൾക്ക് ഈ ജ്ഞാനത്തെ സ്മരിച്ചുകൊണ്ട് അതീന്ദ്രിയസുഖത്തിലിരിക്കണം. വളരെയധികം പോയിന്റുകളുണ്ട്. പക്ഷേ ബാബ മനസ്സിലാക്കിത്തരുന്നു, മായ ഇടക്കിടെ മറപ്പിക്കും. അപ്പോൾ ശിവബാബയാണ് നമ്മെ പഠിപ്പിക്കുന്നതെന്നുള്ള ഓർമ്മയുണ്ടായിരിക്കണം. ബാബ ഉയർന്നതിലും ഉയർന്നതാണ്. നമുക്കിപ്പോൾ തിരികെ വീട്ടിലേക്ക് പോകണം. എത്ര സഹജമായ കാര്യങ്ങളാണ്. മുഴുവൻ ആധാരവും ഓർമ്മയിലാണ്. നമുക്ക് ദേവതയായിത്തീരണം. ദൈവീകഗുണങ്ങളും ധാരണ ചെയ്യണം. പഞ്ചവികാരങ്ങളും ഭൂതങ്ങളാണ്. കാമത്തിന്റെ ഭൂതം, ക്രോധത്തിന്റെ ഭൂതം, ദേഹാഭിമാനത്തിന്റെ ഭൂതം എല്ലാം ഉണ്ടാകുന്നു. ചിലരിൽ കുറച്ച് ഭൂതങ്ങളുണ്ടാകുന്നു, മറ്റുചിലരിൽ ധാരാളമുണ്ടാകുന്നു. ഈ അഞ്ച് ഭൂതങ്ങളും വളരെ വലുതാണെന്ന് നിങ്ങൾ ബ്രാഹ്മണകുട്ടികൾക്കറിയാം. നമ്പർവണ്ണാണ് കാമത്തിന്റെ ഭൂതം, സെക്കന്റ് നമ്പറിൽ ക്രോധത്തിന്റെ ഭൂതമാണ്. ആരെങ്കിലും കടുത്തവാക്കുകൾ ഉപയോഗിച്ച് സംസാരിക്കുകയാണെങ്കിൽ, ഇവരിൽ ക്രോധത്തിന്റെ ഭൂതമുണ്ടെന്ന് ബാബ പറയും. ഈ ഭൂതത്തെ ഇല്ലാതാക്കണം. പക്ഷേ ഭൂതത്തെ ഇല്ലാതാക്കുക എന്നത് വളരെയധികം പ്രയാസമാണ്. ക്രോധം പരസ്പരം ദുഃഖം നൽകുന്നു. മോഹം ഒരുപാടുപേർക്ക് ദുഃഖം നൽകുന്നില്ല. ആർക്കാണോ മോഹമുള്ളത് അവർക്കുമാത്രമേ ദുഃഖമുണ്ടാകൂ. അതുകൊണ്ടാണ് ബാബ മനസ്സിലാക്കിത്തരുന്നത്, ഈ ഭൂതങ്ങളെ ഓടിക്കണം.

ഓരോ കുട്ടികളും വിശേഷിച്ച്, പഠിപ്പിലും ദൈവീകഗുണങ്ങളിലും വളരെയധികം ശ്രദ്ധ നൽകണം. പല കുട്ടികളിലും ക്രോധത്തിന്റെ അംശം തന്നെയില്ല. ചിലർ ക്രോധത്തിലേക്കു വന്ന് വളരെയധികം വഴക്കുണ്ടാക്കുന്നു. നമുക്ക് ദൈവീകഗുണങ്ങൾ ധാരണ ചെയ്ത് ദേവതയായിത്തീരണം എന്നതിനെക്കുറിച്ച് കുട്ടികൾക്ക് ചിന്തവേണം. ഒരിക്കലും ദേഷ്യത്തിലേക്ക് വന്ന് സംസാരിക്കരുത്. ആരെങ്കിലും ദേഷ്യപ്പെടുന്നുവെങ്കിൽ, ഇവരിൽ ക്രോധത്തിന്റെ ഭൂതമുണ്ടെന്ന് മനസ്സിലാക്കണം. അവർ ഭൂതനാഥനും, ഭൂതനാഥിനിയുമാണ്. ഇങ്ങനെ ഭൂതങ്ങളുള്ളവരുമായി ഒരിക്കലും സംസാരിക്കരുത്. ഒരാൾ ക്രോധത്തിലേക്ക് വന്ന് സംസാരിക്കുമ്പോൾ മറ്റുള്ളവരിലും ആ ഭൂതം വരുന്നു. ഭൂതങ്ങൾ പരസ്പരം കലഹിക്കുക തന്നെ ചെയ്യും. ഭൂതനാഥിനി എന്നുള്ളത് വളരെ മോശമായ വാക്കാണ്. ഭൂതം പ്രവേശിക്കാതിരിക്കാനാണ് മനുഷ്യർ

(ചിലരിൽനിന്ന്) അകന്നു നിൽക്കുന്നത്. ഭൂതത്തിന്റെ മുന്നിൽ നിൽക്കാൻ പോലും പാടില്ല, അത് ഉള്ളിൽ കയറിക്കൂടും. ബാബ വന്ന് ആസുരീയ അവഗുണത്തെ ഇല്ലാതാക്കി ദൈവീകഗുണത്തെ ധാരണ ചെയ്യിക്കുകയാണ്. ബാബ പറയുകയാണ്, ഞാൻ വന്നിരിക്കുന്നതുതന്നെ ദൈവീകഗുണത്തെ ധാരണചെയ്യിച്ച് ദേവതയാക്കുന്നതിനായാണ്. നമ്മൾ ദൈവീകഗുണങ്ങൾ ധാരണ ചെയ്യുകയാണെന്ന് കുട്ടികൾക്കുമറിയാം. ദേവതകളുടെ ചിത്രവും മുന്നിലുണ്ട്. ബാബ മനസ്സിലാക്കിത്തരികയാണ്, ക്രോധിക്കുന്നവരിൽ നിന്ന് പൂർണമായും ഒഴിഞ്ഞുമാറണം. അവനവനെ രക്ഷിക്കാനുള്ള യുക്തി വേണം. നമ്മളിൽ ഒരിക്കലും ക്രോധം പാടില്ല, ഇല്ലെങ്കിൽ നൂറുമടങ്ങ് ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. ബാബ എത്ര നല്ലരീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. ബാബ നമുക്ക് കൽപം മുമ്പത്തേതു പോലെയാണ് പറഞ്ഞുതരുന്നതെന്ന് കുട്ടികളും മനസ്സിലാക്കുന്നുണ്ട്. പക്ഷേ നമ്പർക്രമമായ പുരുഷാർത്ഥമനുസരിച്ചാണ് മനസ്സിലാക്കുന്നത്. സ്വയം തന്റെ മേലും ദയ കാണിക്കണം, മറ്റുള്ളവരുടെ മേലും ദയ കാണിക്കണം. ചിലർ തന്റെ മേൽ ദയകാണിക്കാതെ മറ്റുള്ളവരുടെ മേൽ മാത്രം ദയ കാണിക്കുമ്പോൾ, മറ്റുള്ളവർ ഉയരുകയും, സ്വയം അതുപോലെത്തന്നെ ഇരിക്കുകയും ചെയ്യുന്നു. സ്വയം വികാരങ്ങൾക്കു മേൽ വിജയം പ്രാപ്തമാക്കുന്നില്ല. മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുമ്പോൾ അവർ അതിൽ വിജയം പ്രാപിക്കുന്നു. ഇങ്ങനെയുള്ള അത്ഭുതങ്ങളും സംഭവിക്കുന്നുണ്ട്. ശരി.
വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാതാവും,പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം-**

1. ജ്ഞാനത്തെ സ്മരിച്ച് അതീന്ദ്രിയസുഖത്തിലിരിക്കണം. ആരോടും പരുക്കനായ രീതിയിൽ സംസാരിക്കരുത്. ആരെങ്കിലും ദേഷ്യത്തോടെ സംസാരിക്കുകയാണെങ്കിൽ അവരിൽ നിന്നും അകന്നിരിക്കണം.

2. ഭഗവാന്റെ അവകാശിയാകുന്നതിനായി ആദ്യം ഭഗവാനെ തന്റെ അവകാശിയാക്കി മാറ്റണം. വിവേകശാലികളായിത്തീർന്ന് തന്റെ സർവ്വതും ബാബയ്ക്ക് സമർപ്പിച്ച് മമത്വത്തെ ഇല്ലാതാക്കണം. തന്റെ മേൽ താൻ തന്നെ ദയ കാണിക്കണം.

## വരദാനം-സാക്ഷി അവസ്ഥയിൽ സ്ഥിതിചെയ്തുകൊണ്ട് ശ്രേഷ്ഠമായ സ്ഥിതിയാലൂടെ സർവ്വാത്മാക്കൾക്കും സകാശ് നൽകിക്കൊണ്ടിരിക്കുന്ന, ബാബക്ക് സമാനമായ അവ്യക്ത ഫരിഷ്തയായി ഭവിക്കട്ടെ.

നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും സ്വയത്തെ നിരാകാരി ആത്മാവെന്നും,കർമ്മങ്ങൾ ചെയ്യുമ്പോൾ അവ്യക്തഫരിഷ്തയെന്നും മനസ്സിലാക്കുകയാണെങ്കിൽ വർദ്ധിച്ച സന്തോഷമുണ്ടാകും. ഫരിഷ്ത എന്നാൽ ഉയർന്ന അവസ്ഥയിൽ സ്ഥിതിചെയ്യുന്നവർ എന്നാണർത്ഥം.ഈ ദേഹത്തിന്റെ ലോകത്ത് എന്തുതന്നെ നട ക്കുകയാണെങ്കിലും സാക്ഷി സ്ഥിതിയിൽ ഇരുന്നുകൊണ്ട് എല്ലാ പാർട്ടുകളും നോക്കിക്കാണുകയും സകാശ് നൽകുകയും ചെയ്തുകൊണ്ടിരിക്കൂ.സീറ്റിൽ നിന്നും ഇറങ്ങിയാൽ സകാശ് നൽകാൻ കഴിയില്ല. ശ്രേഷ്ഠമായ അവസ്ഥയിൽ സ്ഥിതി ചെയ്തുകൊണ്ട് വൃത്തിയിലൂടെയും, ദൃഷ്ടിയിലൂടെയും സഹയോ ഗത്തിന്റെയും മംഗളത്തിന്റെയും സകാശ് നൽകിക്കൊണ്ടിരിക്കൂ.സങ്കൽപങ്ങൾ മിക്സ് ആവരുത്,അപ്പോൾ മാത്രമേ ഏത് പ്രകാരത്തിലുമുള്ള വായുമണ്ഡലത്തിലും സുരക്ഷിതരായി ഇരുന്നുകൊണ്ട് ബാബക്ക് സമാനം അവ്യക്ത ഫരിഷ്താ ഭവ: എന്ന വരദാനത്തിന് അർഹരാകുകയുള്ളൂ.

## സ്ലോഗൻ:- ഓർമ്മയുടെ ബലത്തിലൂടെ ദു:ഖത്തെ സുഖത്തിലേക്കും,അശാന്തിയെ ശാന്തി യിലേക്കും പരിവർത്തനം ചെയ്യൂ.

**തന്റെ ശക്തിശാലിയായ മനസ്സിലൂടെ സകാശ് നൽകുന്ന സേവനം ചെയ്യൂ...**
എവിടെയാണെങ്കിലും തന്റെ ശുഭഭാവന,ശ്രേഷ്ഠകാമന,ശ്രേഷ്ഠവൃത്തി,ശ്രേഷ്ഠ വൈബ്രേഷൻ എന്നിവ യിലൂടെ അനേകം ആത്മാക്കളുടെ സേവനം ചെയ്യാൻ കഴിയും.ലൈറ്റ്ഹൗസ്,മൈറ്റ്ഹൗസ് ആയി മാറുക എന്നതാണ് ഇതിനുള്ള വിധി.ഇതിൽ സ്ഥൂലമായ സാധനങ്ങളുടേയോ, ചാൻസിന്റെയോ,സമയത്തിന്റെയോ കാര്യമേയില്ല.ലൈറ്റിലും,മൈറ്റിലും സമ്പന്നമായി മാറേണ്ട ആവശ്യം മാത്രമേയുള്ളൂ.